ആദ്യമായി തന്നെ, ആഗതമായിരിക്കുന്ന ക്രിസ്തുമസ്സിന്റേയും നവവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

ഇന്ന് നമ്മൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നത് നമ്മെ സൃഷ്ടിച്ച നല്ലവനായ ദൈവത്തിന്റെ അനന്തമായ കാരുണ്യവും, നമ്മെ ജനിപ്പിച്ച മാതാപിതാക്കളുടെ സ്നേഹവും ഔദാര്യവും കൊണ്ടുമാത്രമാണ് എന്നതിൽ സംശയമില്ല. ഭ്രൂണഹത്യ ചെയ്യുന്ന ധാരാളം ദമ്പതികൾ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. "ഈ കുഞ്ഞിനെ ഞങ്ങൾക്ക് ആവശ്യമില്ല". ഒരു നിമിഷം ചിന്തിക്കൂ...! നമ്മുടെ മാതാപിതാക്കൾ ഇങ്ങനെ ചിന്തിച്ചിരുന്നുവെങ്കിൽ നമ്മുടെ വിധി എന്താകുമായിരുന്നു? നാം എവിടെ ആകുമായിരുന്നു?

ഈജിപ്തിന്റെ കഠിനതയെ മനസ്സിലാക്കി, തന്റെ ഉദരത്തിൽ ഉരുവായ ജീവനെ നശിപ്പിച്ചിരുന്നുവെങ്കിൽ ഇസ്രായേലിനെ വാഗ്ദത്തദേശത്തിന്റെ സമൃദ്ധിയിലേക്ക് നയിക്കുവാൻ മോശയും പ്രവാചകന്മാരും ഉണ്ടാകുമായിരുന്നില്ല. വാർദ്ധക്യത്തിൽ തനിക്ക് ലഭിച്ച കുഞ്ഞിനെ അപമാനഭയത്താൽ നശിപ്പിച്ചിരുന്നെങ്കിൽ പഴയനിയമചരിത്രത്തിന്റെ പ്രധാനകണ്ണിയായ ഇസഹാക്കും, ക്രിസ്തുവിന് വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാനും ക്രിസ്തു ചരിത്രത്തിലിടം പിടിക്കുമായിരുന്നില്ല. തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങളെ താലോലിക്കാൻ തങ്ങളുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിനെ ~~വധ~~ വധിച്ചിരുന്നെങ്കിൽ

അൽഫോൻസാമ്മയെപോലുള്ള വിശുദ്ധരും, ഐൻസ്റ്റീനെ പോലെയുള്ള ശാസ്ത്രജ്ഞരും , ഗാന്ധിജിയെപ്പോലുള്ള നേതാക്കളും കാലഘട്ടത്തിന്റെ ശബ്ദമായി പ്രത്യക്ഷരാകുമായിരുന്നില്ല. തങ്ങളുടെ സുഖലോലുപതയ്ക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും സാമ്പത്തിക ഉന്നതിക്കും വേണ്ടി നമ്മുടെ അപ്പനും അമ്മയും നമ്മെ നശിപ്പിക്കാൻ പരിശ്രമിച്ചിരുന്നെങ്കിൽ നാളെയുടെ പ്രതീക്ഷകളായ ഞാനും നിങ്ങളും ഈ ലോകത്തിന്റെ വെളിച്ചം കാണുമായിരുന്നില്ല എന്ന് ഓർക്കേണ്ടിയിരിക്കുന്നു.

അനുദിനം നാം പത്രമാധ്യമങ്ങളിലൂടെ തിരിച്ചറിയുന്നു. അപകടങ്ങൾക്കും, അക്രമങ്ങൾക്കും, പ്രകൃതിക്ഷോഭങ്ങൾക്കും ഇരയായി മരിക്കുന്നവരുടെ ചിത്രങ്ങൾ.... പുഷ്പചക്രമർപ്പിച്ചും ഏതാനും നിമിഷങ്ങൾ നിശബ്ദരായി പ്രാർത്ഥിച്ചും അനുശോചന സമ്മേളനങ്ങൾ സംഘടിപ്പിച്ചും നമ്മുടെ അനുകമ്പയും ആദരാഞ്ജലികളും അവർക്കായി അർപ്പിക്കാറുണ്ട്. എന്നാൽ ഈ ലോകത്തെ ഒരു നോക്കു കാണുവാനായി കൊതിയോടെ കാത്തിരിക്കുന്ന ദൈവത്തിന്റെ അമൂല്യദാനമായ ഗർഭസ്ഥശിശുക്കൾ തങ്ങളുടെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ നിഷ്കരുണമായി വധിക്കപ്പെടുമ്പോൾ അവർക്കായി വേദനിക്കുവാനോ മൗനമാചരിച്ച് അനുശോചനമറിയിക്കാനോ, പ്രാർത്ഥിക്കുവാനോ ആരാണ് തയ്യാറാകുന്നത്? നമ്മുടെ ഹൃദയവും വേദനിക്കുന്നുണ്ടോ? ദൈവത്തിന്റെ സ്വന്തം നാടായ ജനാധിപത്യവും, മതേതരത്വവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ കാത്തുസൂക്ഷിക്കുന്ന ഈ ഇന്ത്യയിൽ

ഏകദേശം പതിനൊന്ന് മില്യൻ ഭ്രൂണഹത്യകൾ ഒരു വർഷത്തിൽ നടക്കുന്നുണ്ടെന്നും അതിൽ ഇരുപതിനായിരം ചെറുപ്പക്കാരായ അമ്മമാർ മരണമടയുന്നുണ്ടെന്നുമാണ് ശരാശരി കണക്ക്. അങ്ങനെയെങ്കിൽ ഈ ലോകത്തിന്റെ വെളിച്ചത്തിനു മുമ്പിൽ വരാതെ ദിനം പ്രതി എത്രയോ ഭ്രൂണഹത്യകൾ നടക്കുന്നുണ്ട് ?

മറ്റൊരു ശരാശരി കണക്കനുസരിച്ച് ഈ ലോകത്തിൽ 210 മില്യൻ സ്ത്രീകൾ ഒരു വർഷത്തിൽ ഗർഭം ധരിക്കുന്നുണ്ട്. അതിൽ 75 മില്യനും ആഗ്രഹിക്കാതെയും ആവശ്യമില്ലാതെയുമുള്ള ജീവനായതിനാൽ നശിപ്പിക്കപ്പെടുന്നു. 40 മുതൽ 50 മില്യൻ സ്ത്രീകൾ വരെ ഭ്രൂണഹത്യയ്ക്ക് സന്നദ്ധത പ്രകടിപ്പിക്കുന്നു എന്നുള്ളതും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഒരു മനുഷ്യന്റെ ഹൃദയതുടിപ്പാണ് അവനിലെ ജീവന്റെ നിർണ്ണായക ഘടകം. എന്നാൽ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ ജീവന്റെ തുടിപ്പ് പ്രകടിപ്പിക്കുന്ന ഭ്രൂണത്തിന് സംസാരിക്കുവാനോ, കേൾക്കുവാനോ, തനിക്കെതിരെ നടക്കുന്ന അനീതിയോട് പ്രതികരിക്കുവാനോ കഴിയുന്നില്ല. നിശ്ചലമായതിനെയല്ല, ജീവനുള്ളതിനെ നശിപ്പിക്കുകയാണ് ഭ്രൂണഹത്യ വഴി ചെയ്യുന്നതെന്ന് നാം തിരിച്ചറിയണം.

www.stopabortion save lives.com ന്റെ ലക്ഷ്യമായി ഞാൻ കാണുന്നത്, അതിലേറെ വിശ്വസിക്കുന്നത് ഭ്രൂണഹത്യ എന്ന തിന്മയെ ഈ ലോകത്തിൽ നിന്നും

പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ തന്നെയും ഒരു പരിധിവരെയെങ്കിലും ഈ തിന്മയുടെ അളവിൽ കുറവ് വരുത്താൻ കഴിയുമെന്നാണ്. ലോകത്തിന്റെ ആശയങ്ങൾക്കും രാഷ്ട്രത്തിന്റെ നിയമങ്ങൾക്കും മുമ്പിൽ ഈ സംരംഭം അർത്ഥമില്ലാത്ത ഉയർത്തുന്നതെങ്കിൽ തന്നെയും ദൈവിക-പദ്ധതിക്ക് മുമ്പിൽ മൂല്യമുള്ള ഈ സംരംഭത്തോട് സഹകരിക്കുവാൻ താൽപര്യമുള്ള നിങ്ങളുടെ നല്ല ആശയങ്ങൾ ജാതിമത ഭേദമന്യേ ഈ വെബ്സൈറ്റിലേക്ക് ക്ഷണിക്കുന്നു.

വി. ബൈബിളിന്റെ ഏടുകളിലൂടെ കടന്നുപോകുമ്പോൾ മനുഷ്യന്റെ നന്മയുടെ പൂർണ്ണതയും ദൈവാനുഗ്രഹത്തിന്റെ സമ്പന്നതയുമാണ് ഉദരഫലം. സീനായ് മലമുകളിൽ വച്ച് ദൈവം മോശയിലൂടെ നൽകിയ പത്ത് കല്പനകളിൽ അഞ്ചാമത്തെ കല്പനയും 'കൊല്ലരുത്' എന്നതാണ്. കുടുംബത്തിലേക്ക് പിറക്കാനിരിക്കുന്ന, ജീവിതത്തിന് കൈവരുവാനിരിക്കുന്ന ദൈവിക വരപ്രസാദത്തിന് തടസ്സം നിൽക്കാതെ, ജനിക്കാൻ കൊതിക്കുന്ന ഗർഭസ്ഥശിശുവിനെപ്പോലും കൊലക്കത്തി കാണിച്ച് യുദ്ധം പ്രഖ്യാപിക്കാതെ.... ലോകത്തിന്റെ ബോധ്യങ്ങളെ തള്ളിക്കളഞ്ഞ്, ദൈവത്തിന്റെ സ്വപ്നങ്ങൾ പൂർത്തീകരിച്ച് ഒരു സ്നേഹകൂടാരം ഈ ലോകത്തിൽ നമുക്കൊരുമിച്ച് പണിയാം.

ഒരിക്കൽകൂടി എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടും എല്ലാവിധ സഹായസഹകരണങ്ങളും പ്രാർത്ഥനകളും പ്രതീക്ഷിച്ചുകൊണ്ടും ഞാനുപസംഹരിക്കുന്നു.